CALLING ATTENTION UNDER RULE 61

Attack on a person in front of the Pettah Public Market

മി. സ്പീക്കർ: ജാനുവരി 20—ാംതീയതി രാവിലെ (ഇന്നലെ) പേട്ട യിൽ പബ്ളിക് മാർക്കറിനു മുൻവശത്തുവച്ച് നടന്ന പോലീസ് മർദ്ദനത്തെ സംബന്ധിച്ച് ജനങ്ങളുടെയിടയിൽ പരന്നിട്ടുള്ള ഭീതിയെസംബന്ധിച്ച് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ശ്രീ. കെ. സി. വാമദേവൻ, ശ്രീ. ടി. എ. മജീദ്, ശ്രീ. എം. എം. തോമസ്, ശ്രീ. ടി. കെ. കൃഷ്ണൻ ഇവരെല്ലാം റൂൾ 61 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹു: ശ്രീ. വാമദേവനു സംസാരിക്കാം.

ശ്രീ. കെ. സി. വാമദേവൻ: ഇന്നലെ രാവിലെ ഏതാണ്ട് 11.30—ന് 'വാറണ്ട് ഉണ്ട് അതുകൊണ്ട് സ്റ്റേഷനിൽ ഹാജരാകണമെന്ന' ആവശ്യവുമായി മഫ്റ്റി യിൽ രണ്ടു പോലീസുകാർ പേട്ട പബ്ളിക് മാർക്കറിനു മുൻവശം നിന്നി രുന്ന ഒരു യുവാവിനെ സമീപിക്കുകയുണ്ടായി. "എന്റെ പേരിൽ അങ്ങനെ കേസ്സുകളൊന്നും വരാൻ സാധ്യതയില്ല, വാറണ്ടുണ്ടെങ്കിൽ അതു കാണി ച്ചാൽ ഞാൻ അവിടെ വന്നുകൊള്ളാം" എന്ന് ആ യുവാവ് മറുപടി നൽകി. അതിൽ ക്ഷുഭിതരായ പോലീസുകാർ ആ യുവാവിനെ കടന്നു പിടിക്കുകയു ണ്ടായി. ആ പോലീസുകാരുടെ ആവശ്യത്തിനു വഴങ്ങി സ്റ്റേഷനിലേയ്ക്കു പോകാൻ വിസമ്മതം പ്രകടിപ്പിച്ച യുവാവിനെക്കണ്ട് ആ ജംഗ്ഷനു അടുത്തു നിന്ന മറ്റു രണ്ടു ലാത്തിധാരികളായ പോലീസുകാർ ഈ യുവാവിനെ സമീപി ക്കുകയും കമ്പോളവും മാർക്കറും എല്ലാമുള്ള ആ കവലയിൽവച്ച്തന്നെ പരസ്യ മായി, ആളുകൾ നോക്കിനിൽക്കേ ആ യുവാവിനെ തല്ലിച്ചതയ്ക്കുകയുമുണ്ടായി. 1946—ൽ പേട്ട മൈതാനത്തിൽ നടന്ന വെടിവയ്പ്പും അതിനെതുടർന്നുണ്ടായ ജന രോഷവും ഉണ്ടായശേഷം ഇന്നേവരെ ഇത്ര വമ്പിച്ച ജനക്കൂട്ടത്തേയും ജനരോഷ ത്തേയും കണ്ട വേറൊരവസരം എനിക്ക് ഓർമ്മപോലുമില്ല. രാത്രി എട്ട് എട്ടര മണിക്കുചേർന്ന വമ്പിച്ച പൊതുയോഗത്തിനുശേഷവും ലാത്തിയടി കൊണ്ട യുവാവിന്റെ കാലിൽനിന്ന് ഒഴുകിയൊലിച്ച ചോര റോഡിൽ കിടക്കു ന്നത് എനിക്കു കാണാൻ സാധിച്ചു. പേട്ട പോലീസ്സ്റ്റേഷനിൽ ഷൺമുഖദാസ് എന്ന ഒരു പോലീസ് സബ് ഇൻസ്പെക്ടറാണ് ഇപ്പോഴ ചാർജ് വഹിക്കുന്നത്. ഷൺമുഖദാസ് എന്ന പോലീസ് ഇൻസ്പെക്ടർ രണ്ടു വർഷങ്ങൾക്കുമുൻപ് തിരുവനന്തപുരം നഗരസഭയിലെ ഒരു കോർപ്പറേ ഷൻ കൗൺസിലറായ, ഐ. എസ്. പി. യിലെ പ്രമുഖ പ്രവർത്തകനായ ശ്രീ. ചന്ദ്രശേഖരൻനായരെ മണക്കാട് സ്റ്റേഷനിൽവച്ച് തല്ലിച്ചതയ്ക്കുകയും വളരെയധികം പേരുടെ പേരിൽ കള്ളക്കേസ്സുകൾ ഉണ്ടാക്കുകയും ചെയ്തു എന്ന് നേരത്തെതന്നെ ഈ സഭയിൽ ഉന്നയിക്കാൻ ഇടവന്നിട്ടുണ്ട്. ഞാനും ശ്രീ. ബി. മാധവൻനായരുംകൂടി സംയുക്തമായി ഉന്നയിച്ച ആ ആവശ്യ ത്തിനുനേരെ അന്നത്തെ ഗവൺമെൻറ് ധിക്കാരപരമായോ ഏകപക്ഷീയമായോ ഉള്ള ഒരു നിലപാടാണ് സ്വീകരിച്ചത്; അവഗണനാപരമായ ഒരു നിലപാടാണ് സ്വീകരിച്ചത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ മൂന്നു പ്രാവശ്യം പ്രമേയം പാസ്സാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ നേരിട്ടു ഒന്നിലധികം തവണ അദ്ദേ ഹത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പക്ഷേ ഒരനേഷണം നടത്താൻപോലും തയ്യാറായില്ല. പകരം ചാല പോലീസ്സ്റ്റേഷനിൽനിന്നും സിറിക്കുഅകത്തു തന്നെയുള്ള പേട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് ഒരു സ്ഥലം മാറ്റമാണ് ഒന്നു രണ്ടു മാസങ്ങൾക്കകം ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ സാമൂഹ്യമായ, സാമുദായികമായ സ്വാധീനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സബ്ഇൻസ് പെക്ടറുടെ നേരെ നടപടികൾ നടത്താതെയിരുന്നതെന്നാണ് എനിക്കു വിശ്വാസ യോഗ്യമായി അറിയാൻ കഴിഞ്ഞിട്ടുള്ളത്. പേട്ട പോലീസ് സ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭ ഇൻസ്പെക്ടർ വന്നതിനുശേഷം ഇത് ആദ്യത്തെ സംഭവമല്ല സർ. ഒട്ടനവധി പ്രാവശ്യം ടാക്സി ഡ്രൈവറൻമാരെ മർദ്ദിക്കുന്നു, തൊഴിൽ സമരങ്ങളിൽ ഇടപെടുന്നു എന്നു തുടങ്ങി ഒട്ടനവധി പ്രാവശ്യം ഇതുപോലെയുള്ള ആരോപണങ്ങൾക്കു വിധേയനായിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള ഈ സംഭവത്തിൽ നാട്ടുകാർക്ക് എന്തെന്നില്ലാത്ത പ്രതിഷേധമാണുള്ളത്. ഇന്നലെ പേട്ട മാർക്കറ്റും മറ്റു കടകളും അടച്ച് പേട്ടയിലെ പ്രബുദ്ധരായ ജനത ഹർത്താൽ ആചരിക്കുകയാണുണ്ടായത്. എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്നു നാട്ടുകാർ കാണാൻ വളരെ ഉൽക്കണ്ഠയോടുകൂടി കഴിയുകയാണ്. കർക്കശമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കാൻ ഞാനീയവസരം ഉപയോഗിക്കുന്നു.

ആഭ്യന്തരവും വിദ്യാഭ്യാസവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ): സർ, ഈ സഭയിലെ വിവിധ കക്ഷികളിൽപ്പെട്ട ഒന്നിലധികം മെമ്പറൻമാർ ഈ പേട്ടയിൽ നടന്ന ഒരു പോലീസ് ആക്രമണത്തെസംബന്ധിച്ചുള്ള 61 റൂൾ അനുസരിച്ചുള്ള നോട്ടീസിൽ ഒപ്പുവച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തു പല ഭാഗങ്ങളിലും പോലീസ് പൗരജനങ്ങളെ മർദ്ദിക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. ചില ഗൗരവാവഹമായ റിപ്പോർട്ടുകളെസംബന്ധിച്ചിടത്തോളം അവയെസംബന്ധിച്ച് അന്വേഷിക്കാൻ ഗവൺമെൻറ് കൽപ്പന കൊടുത്തിട്ടുണ്ട്. ഈ വക കാര്യങ്ങളിൽ യാതൊരുകക്ഷിപരിഗണനയും കൂടാതെ അന്വേഷിക്കണമെന്നു തോന്നത്തക്കവിധത്തിൽ ഗൗരവാവഹമായ മർദ്ദനത്തെസംബന്ധിച്ച് ഉദ്യോഗസ്ഥൻമാരെ വച്ച് അന്വേഷിക്കുകയാണ് ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിലും പോലീസുകാർ പൊതുജനങ്ങൾക്ക് സഹായകമായിരിക്കത്തക്കനിലയിൽ നിയമവും സമാധാനവും പരിപാലിക്കത്തക്ക നിലപാട് സ്വീകരിക്കുന്നില്ല എന്നു വരുന്നതു ശരിയായിരിക്കുകയില്ല. അങ്ങനെയുള്ളമർദ്ദനങ്ങളെ സംബന്ധിച്ച് ഹരിപ്പാടു ഭാഗത്തുനിന്നു പരാതിയുണ്ടായപ്പോൾ അന്വേഷണത്തിനു കൽപ്പന കൊടുത്തിട്ടുണ്ട്, തിരൂർ ഭാഗത്തുനിന്നു ഇതുപോലെ പരാതി ഉണ്ടായപ്പോൾ അന്വേഷണത്തിനു കൽപ്പന കൊടുത്തിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട വാമദേവൻ ഇവിടെ പറഞ്ഞ സംഭവത്തെസംബന്ധിച്ച് തിരുവനന്തപുരത്തെ ജനങ്ങൾക്ക് വളരെയധികം വികാരങ്ങൾ ഉണ്ടെന്നു അദ്ദേഹം പറയുകയുണ്ടായി. അതിനെസംബന്ധിച്ചും ഒരന്വേഷണം നടത്താൻ ഗവൺമെൻറു തയ്യാറാണ്. അതിനെസംബന്ധിച്ച് ഒരന്വേഷണം നടത്തി സംഭവം ശരിയാണെന്നു തെളിയുന്ന പക്ഷം നടപടിയെടുക്കാനും ഗവൺമെൻറു മടിക്കുന്നതല്ല. അന്വേഷണത്തിനു മുൻപ് അതേസംബന്ധിച്ച് മന്ത്രിയെന്നുള്ള നിലയിൽ ഏതെങ്കിലും ഭാഗത്തുവച്ചു ഞാൻ പറയുന്നതു ശരിയായിരിക്കുകയില്ല. അതുകൊണ്ട് ഈ സംഭവത്തെ സംബന്ധിച്ച് ആവശ്യമായ അന്വേഷണങ്ങൾ ഗവൺമെൻറ് നടത്തുന്നതാണെന്നുമാത്രമേ എനിക്കിപ്പോൾ പറയാനുള്ളൂ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഹരിപ്പാടു ഭാഗത്ത് ഒരന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നു പറഞ്ഞു. യാതൊരന്വേഷണത്തിനും ഉത്തരവിട്ടിട്ടുള്ളതായി ഞങ്ങൾക്ക് അറിയുകയില്ല. അതെന്തുകൊണ്ടാണ് എന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വളരെ കൃത്യമായി എനിക്ക് അറിയാത്തതുകൊണ്ടാണ് ഹരിപ്പാടു ഭാഗത്തുനിന്ന് എന്നു പറഞ്ഞത്. മി. വാസു എന്ന ഒരു പൊതുപ്രവർത്തകനെ മർദ്ദിച്ച പരാതിയിലാണ് ആലപ്പുഴ കളക്ടറോട് അന്വേഷണം നടത്താൻ പറഞ്ഞത്. അതുതന്നെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വാര്യരുടെ അപേക്ഷയിൻമേലാണ്. അന്വേഷണം ആരംഭിക്കുമ്പോൾ ശ്രീ. വാര്യരെ വിവരം അറിയിക്കണമെന്ന് കളക്ടറോട് പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ഇന്ന രാസം 18–ാംതീയതി കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്ത് അതിർത്തിയിൽവച്ച് ഒരു വിവാഹത്തിൽ സംബന്ധിക്കാൻ പോയ സംഘത്തെ മാർക്സിസ്റ്റുകളെന്നു പറയപ്പെടുന്ന ഒരു സംഘം ആളുകൾ ആക്രമിച്ചതിന്റെ ഫലമായിട്ട് 7 പേർ കണ്ണൂർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്നതിനെത്തുടർന്ന് ആ സ്ഥലത്തുണ്ടായിട്ടുള്ള ഗുരുതരമായ അവസ്ഥയെ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ശ്രീ. ഇ. അഹമ്മദ് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

പീരുമേട്ടിലുള്ള റാണിമുടി, പട്ടുമുടി, രാജമുടി, കല്ലാർ എസ്റ്റേറ്റുകൾ ജനുവരി 1–ാംതീയതിമുതൽ തൊഴിലാളികൾ പിടിച്ചെടുത്തതിന്റെ ഫലമായി ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. കെ. ഐ. രാജൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ജനുവരി 12–ാംതീയതി കണ്ണൂർ ഡിസ്ട്രിക്ടിൽ കാപ്പാടിലുള്ള ഒരു മുസ്ലീംപള്ളിയുടെ നേർക്കുണ്ടായ സംഘടിതമായ ആക്രമണം കൊണ്ടുള്ള വായിട്ടുള്ള സംഘർഷാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ശ്രീ. ഇ. അഹമ്മദ് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ നിലമ്പൂർ മണ്ഡലത്തിലെ തലപ്പവലിപൊടി എന്ന സ്ഥലത്തുനിന്നും നൂറിലധികം കർഷകത്തൊഴിലാളികളെ സി. ആർ. പി. യുടെ സഹായത്തോടെ കുടിയിറക്കിയതിൽനിന്നുളവായിട്ടുള്ളഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. പാലൊളി മുഹമ്മദുകുട്ടി ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

പെരിന്തൽമണ്ണ താലൂക്കിലെ പാതിരിക്കോട് വില്ലേജിൽ 25–ാംനമ്പർ കള്ളുഷോപ്പിലെ ചെത്തുതൊഴിലാളികളെ കഴിഞ്ഞ 14–ാംതീയതി എക്സൈസ് പോലീസ് മൃഗീയമായി മർദ്ദിച്ചതിൽ നിന്നുളവായിട്ടുള്ള സ്ഥിതിവിശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. പാലൊളി മുഹമ്മദുകുട്ടി തന്നെ മറെറാരു നോട്ടീസും നൽകിയിട്ടുണ്ട്.

കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമേലായി എറണാകുളം പ്രിമീയർ ടയേഴ്സിലെ തൊഴിലാളികൾ നടത്തിവരുന്ന സമരംമൂലം ഉളവായിട്ടുള്ള സംഘർഷാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. ടി. എം. മീതിയൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

കഴിഞ്ഞ 25 കൊല്ലങ്ങളായി സ്ഥിരതാമസമായിരുന്ന കണ്ണൂർ ജില്ലയിലെ മയ്യിൽ പഞ്ചായത്തിൽപെട്ട ഇരുവാപ്പുഴ പ്രദേശത്ത് കതിരുമ്മൽ കല്യാണി എന്ന പാവപ്പെട്ട സ്ത്രീയെ കുടിയിറക്കിയ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ നോട്ടീസ് നൽകിയിട്ടുണ്ട്.

തെക്കേവെയനാട് നിയോജകമണ്ഡലത്തിൽപ്പെട്ട സുൽത്താൻബത്തേരിയിലെ കമ്മാടിക്കുന്ന് എന്ന സ്ഥലത്തുനിന്നും ആദിവാസികളെ പോലീസുകാരും മറെറുദ്യോഗസ്ഥൻമാരും ചേർന്നു കുടിയിറക്കുകയും അവരെ മർദ്ദിക്കുകയും ചെയ്ത സംഭവം ഗവൺമെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ശ്രീ. എം. രാമുണ്ണി ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

നീലേശ്വരം നിയോജകമണ്ഡലത്തിൽപ്പെട്ട ചില സ്ഥലങ്ങളിൽ പോലീസും മുസ്ലീംലീഗു വാളണ്ടിയർമാരും ചേർന്നു സൃഷ്ടിച്ചതായി അറിവായിരിക്കുന്ന ഭീകരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. വി. വി. കുഞ്ഞാമ്പു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട്ടിൽ കന്നുമ്മൽ എന്ന സ്ഥലത്തെ ശ്രീധരൻ എന്ന കർഷകത്തൊഴിലാളിയുടെ വീടു ചിലർ സംഘംചേർന്നു ആക്രമിക്കുകയും അദ്ദേഹത്തെ കൊലപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ നിന്നുള്ളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ശ്രീ. വി. എസ് അച്ചുതാനന്ദൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ചെങ്ങന്നൂർ താലൂക്കിൽ മെഴുവേലി പഞ്ചായത്തിൽ മലംതേവർകുന്ന് എന്ന സ്ഥലത്തു കുടിൽകെട്ടിതാമസിച്ചിരുന്ന 58 വീട്ടുകാരുടെ കുടിലുകൾ പോലീസ് പൊളിച്ചു മാറിയതിൽ നിന്നുള്ളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെടുത്താൻ ശ്രീ. പി. എൻ. ചന്ദ്രസേനൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

കാസർകോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായി ഒരു മാസത്തോളമായി രണ്ടുജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രവർത്തിക്കുന്നതിന്റെ ഫലമായി അവിടെയുള്ള പ്രവർത്തനങ്ങൾക്കു നേരിട്ടിരിക്കുന്ന വൈഷമ്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട്.

കേരളത്തിലെ വില്ലേജ് ഉദ്യോഗസ്ഥൻമാരുടെ വ്യാപകമായ സമരംമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതെല്ലാം വേണ്ട മേൽ നടപടികൈക്കുവേണ്ടി ബന്ധപ്പെട്ട മന്ത്രിമാർക്ക് അയച്ചുകൊടുക്കുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, കുട്ടനാട്ടിലെ ഇന്നത്തെ ഗുരുതരാവസ്ഥ ഒന്നു രണ്ടു മിനിട്ടുകൊണ്ട് ഗവൺമെൻറിന്റെ, സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്.....

മി. സ്പീക്കർ: ആർഡർ, ആർഡർ. അങ്ങനെ ഓരോരുത്തരും എഴുന്നേറ്റ് നിന്നു പറയാൻ തുടങ്ങിയാൽ പറ്റുകയില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: പല സംഗതികളെപ്പറ്റിയും ഇവിടെ വായിക്കുകയുണ്ടായി. അവരെല്ലാം സംസാരിക്കാതിരിക്കുമ്പോൾ.....

(ശ്രീ. അച്ചുതാനന്ദൻ എന്തോ പറഞ്ഞുകൊണ്ടുതന്നെയിരുന്നു)

മി. സ്പീക്കർ: വളരെ ഗൗരവമായ കാര്യങ്ങളാണ് പക്ഷേ, ഇങ്ങനെ എല്ലാവർക്കും സമയം കൊടുക്കാൻ പറ്റുകയില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സ്വാതന്ത്ര്യമായി നടക്കാൻ പാടില്ലാത്ത .....

മി. സ്പീക്കർ: ശ്രീ. അച്ചുതാനന്ദൻ ആദ്യമായിട്ട് അവിടെ ഇരിക്കണം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അങ്ങയുടെ അനുവാദമില്ലാതെ....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ അവിടെ ഇരിക്കണം. ഈ പ്രശ്നം ബഹുമാനപ്പെട്ട അച്ചുതാനന്ദൻ തന്നെ ഇന്നു രാവിലെ എന്റെ അടുത്തു വന്നു പറഞ്ഞു. സംസാരിക്കാൻ അവസരം വേണമെന്നു പറഞ്ഞു നാളയോ മറന്നാളോ വരുകയാണെങ്കിൽ സംസാരിക്കാൻ അവസരം തരാമെന്നു ഞാൻ പറഞ്ഞു. എന്നാൽ നാളെയോ മറന്നാളോ ആയാൽ പോരെന്നു മെമ്പർ പറയുകയും ചെയ്തു. ഇന്നു തന്നെ വേണമെങ്കിൽ സഭയിൽ വായിക്കാമെ

LIBRARY ARCHIVES Kerala Legislative Assembly

ന്ന് ഞാൻ സമ്മതിച്ചു. അതു സഭയിൽ വായിച്ചതിനു ശേഷം ഇങ്ങനെ ചുമ്മാതെ കയറി പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർക്ക് ഉന്നയിക്കാനുള്ള പ്രശ്നം ഗൗരവമായതാണ്. പക്ഷേ ഇന്ന് ഇവിടെ 30 എണ്ണം വന്നിട്ടുണ്ട്. ഓരോരുത്തരും അതിനെ സംബന്ധിച്ച് സംസാരിക്കാൻ തുടങ്ങിയാൽ അതിന് അവസരം കൊടുക്കാൻ സാദ്ധ്യമല്ലായെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ആരെയും സംസാരിക്കാൻ അനുവദിക്കുന്നതല്ല. ഇതെല്ലാം ഗവൺമെൻറിലേക്ക് അയച്ചുകൊടുക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇന്നലെ കഴക്കൂട്ടത്തു നടന്ന ലാത്തിച്ചാർജ്ജിനെ സംബന്ധിച്ച് ഒരു അടിയന്തിരപ്രമേയം വന്ന അവസരത്തിൽ ഇന്നു പറയാമെന്നു പറഞ്ഞിരുന്നു. കഴക്കൂട്ടത്തു നടന്ന ലാത്തിച്ചാർജിനെ സംബന്ധിച്ച് ശ്രീമാൻ എം. സദാശിവൻ തന്നിരുന്ന അടിയന്തിരപ്രമേയമാണ് അത്.

മി. സ്പീക്കർ: ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു ബസ് മറിഞ്ഞതിനെ സംബന്ധിച്ച ഒരു പ്രശ്നം വന്നതുകൊണ്ട് ഞാൻ അത് എടുക്കുകയാണ് ചെയ്തത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്നലെ ഇത് സംസാരിച്ച കാര്യമാണ്. അതുകൊണ്ട് ആ അടിയന്തിരപ്രമേയത്തിന്റെ കാര്യം എന്തായി എന്നു പറഞ്ഞാൽ കൊള്ളാം.

Mr. Speaker : You may meet me in my Chamber.

ശ്രീ. എസ്. ദാമോദരൻ: സർ, ഒരു സബ്മിഷനുണ്ട്. ഒരു ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ മൈക്ക് ആഫ് ചെയ്തു. അതു ശരിയാണോ?

മി. സ്പീക്കർ: ഞാൻ സംസാരിക്കുമ്പോഴും എനിക്കു മാത്രമേ മൈക്കു കിട്ടുകയുള്ളൂ. ഞാൻ സംസാരിക്കാൻ തുടങ്ങിയാൽ പിന്നെ മറ്റാർക്കും മൈക്ക് കിട്ടുകയില്ല. That is a fact. That is correct also otherwise how can we carry on ? അങ്ങനെ ഒരു സംശയവും വേണ്ട.

ശ്രീ. എ. കെ. അപ്പു: സർ, ഇന്നലെ എന്റെ മുറിയിൽ ഒരു കള്ളൻ കയറി. ഇതിനു മുൻപ് ഇതുപോലെ തന്നെ മോഷണം പോയിട്ടുണ്ട്. ഇപ്പോഴും സാധനമൊന്നും കൊണ്ടുപോകാൻ സാധിച്ചില്ല. പോലീസ് പാറാവുമുണ്ടായിരുന്നു. ശ്രീമാൻ പി. ആർ. കുറുപ്പിന്റെ മുറിയിലും കയറി.

മി. സ്പീക്കർ: ഇതിനുമുൻപും ബഹുമാനപ്പെട്ട അപ്പുവിന്റെ മുറിയിൽ നിന്നും മോഷണം പോയിട്ടുണ്ട്. ബഹുമാനപ്പെട്ട അപ്പുവിനോട് കള്ളൻമാർക്ക് എന്തോ പ്രത്യേക മമതയുണ്ട്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ഞാൻ ഒരു പ്രിവിലേജ് മോഷന് നോട്ടീസ് തന്നിരുന്നു.

മി. സ്പീക്കർ: അത് എടുക്കേണ്ടതാണെങ്കിൽ ഞാൻ പറയും.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ബഹുമാനപ്പെട്ട സ്പീക്കറെയും ബഹുമാനപ്പെട്ട സഭയേയും....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മിസ്റ്റർ ചന്ദ്രസേനൻ അവിടെ ഇരിക്കണം. പ്രിവിലേജ് മോഷൻ എടുക്കേണ്ടതാണെങ്കിൽ ഞാൻ എടുക്കും. ആവശ്യമുള്ള കാര്യമാണെങ്കിൽ ഞാൻ എടുക്കും. ഞാൻ നോട്ടീസ് കൊടുത്തു എന്നു പറഞ്ഞ് എഴുന്നേറ്റു നിൽക്കുന്നത് ശരിയല്ല. അങ്ങനെ എത്രയോ മെമ്പറൻമാർ എത്തെല്ലാം കാര്യങ്ങൾക്ക് നോട്ടീസ് കൊടുത്തിരിക്കുന്നു. അതുകൊണ്ട് അങ്ങനെയെല്ലാം ചോദിച്ചാൽ ഈ സഭാ നടപടികൾ എങ്ങനെയാണ് മുമ്പോട്ട് കൊണ്ടുപോകുന്നത്. ശ്രീ. ചന്ദ്രസേനൻ എന്റെ മുറിയിൽ വന്നു. ഇതിനെപ്പറ്റി പറഞ്ഞപ്പോൾ ഇത് റെയിസ് ചെയ്യേണ്ടകാര്യമില്ലെന്ന് ഞാൻ പറഞ്ഞു. അങ്ങനെ ഞാൻ പറഞ്ഞതിനു ശേഷവും ഇവിടെ വന്ന് മിടുക്കുകാണിക്കേണ്ട കാര്യമില്ല.

I told you yesterday that this was not a matter which deserved to be brought before the House. Please resume your seat.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: അങ്ങയുടെ പടവും....

Mr. Speaker : That is alright. There is an end of the Matter .....ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, സർ.....

Mr. Speaker : The hon. Member will please go out of the House.

ഞാനിവിടെ എഴുന്നേറ്റു നിൽക്കുന്ന അവസരത്തിൽപ്പോലും ഇങ്ങനെ എഴുന്നേറ്റു നിന്ന് ഓരോകാര്യങ്ങൾ പറയാൻ തുടങ്ങിയാൽ സഭാ നടപടികൾ എങ്ങനെ നടക്കും..... I am giving a warning. Now I am not taking any drastic action.

PRESENTATION OF REPORT

Mr. Speaker : Shri T. K. Divakaran may present the Report of the Business Advisory Committee.

Shri T. K. Divakaran : Sir, I present the Second Report in 1970 of the Business Advisory Committee.

Mr. Speaker : The Report is presented.

Shri. T. K. Divakaran : I move that the Second Report of the Business Advisory Committee be adopted.

Minister for Education and Home (**Shri C. H. Muhammed Koya**) :

I Second it.

The question that the Second Report of the Business Advisory Committee, 1970 be adopted was put and carried.

The Report was adopted.

GOVERNMENT RESOLUTION

Mr. Speaker : The hon. Home Minister may move the Resolution on behalf of the Chief Minister.

LIBRARY ARCHIVES Kerala Legislative Assembly